## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 712** — **28.02.2018-ൽ മറുപടിയ്ക്ക്**

## പ്രതിദിന പാൽ ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ആകെ എത്ര ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ടെന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ ; | (എ) 78 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്ത് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത് എന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രതിദിനം എത്ര ലിറ്റർ പാൽ ജനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നുള്ളതിന്റെ കണക്ക് വെളിപ്പെടുത്തുമോ ; | (ബി) പ്രതിദിനം 87 ലക്ഷം ലിറ്റർ പാലാണ് ഉപയോഗിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) കേരളത്തിന് പുറത്തുനിന്നും സംസ്ഥാനത്ത് എത്ര ലിറ്റർ പാൽ പ്രതിദിനം എത്തുന്നുണ്ട്; വിശദമാക്കുമോ ; | (സി) ഇപ്പോൾ ഉദ്ദേശം 3 ലക്ഷം ലിറ്റർ പാലാണ് കേരളത്തിന് പുറത്തുനിന്നും കൊണ്ട് വരുന്നത് എന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>വിപണി നിലനിർത്തുന്നതിനു വേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ സ്വീകരിക്കുന്നുണ്ട്. |
| (ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കിട്ടുന്ന പാലിൽ മായം കലരുന്നുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി അത് തടയുവാനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് ; | (ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കിട്ടുന്ന പാലിൽ മായം കലരുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തിയതിൽ തിരുവനന്തപുരം ജില്ലയിൽ ഗുണനിലവാരമില്ലാത്ത-താണെന്ന് കണ്ടെത്തിയ എട്ട് ബ്രാൻഡുകൾ ക്കെതിരെയും കൊല്ലം ജില്ലയിലെ രണ്ട് ബ്രാൻഡുകൾക്കെതിരെയും പത്തനംതിട്ട ജില്ലയിൽ ഒരു ബ്രാൻഡിനെതിരെയും ഇടുക്കി ജില്ലയിലെ |

രണ്ട് ബ്രാൻഡുകൾക്കെതിരെയും എറണാകുളം ജില്ലയിലെ ആറ് ബ്രാൻഡുകൾക്കെതിരെയും തൃശ്ശൂർ ജില്ലയിലെ നാല് ബ്രാൻഡുകൾക്കെതിരെയും പാലക്കാട് ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നാല് ബ്രാൻഡുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പിഴ ചുമത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഗുണനിയന്ത്രണ വിഭാഗം മാർക്കറ്റിൽ ലഭ്യമായ പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് നൽകി വരുന്നുണ്ട്. കൂടാതെ മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആര്യങ്കാവിലും, പാറശ്ശാലയിലും പാൽ പരിശോധനയ്ക്ക് ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പാലിന്റേയും പാൽ ഉല്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിക്കുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബറേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബും തിരുവനന്തപുരത്ത് വകുപ്പിന്റെ നിയന്ത്രണ ത്തിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) കേരളത്തിൽ തന്നെ നമുക്ക് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ പശു/എരുമ/ആട് വളർത്തുന്ന ആൾക്കാരെ സഹായിക്കാൻ നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉണ്ട്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീര ഗ്രാമം പദ്ധതി, ഡയറി സോൺ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളാണ് നിലവിൽ നടപ്പാക്കുന്നത്.

**സെക്ഷൻ ഓഫീസർ**